# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3295 — 19/06/2019-ൽ മറുപടിക്ക്

## എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ അപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: | **എ.സി. മൊയ്തീൻ**<br>(ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിൽ നിലവിലെ എഞ്ചിനീയറിംഗ് സ്റ്റാഫിനെ ഉപയോഗിച്ച് പദ്ധതികൾ നടത്തുവാൻ കഴിയുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ; | (എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരെ പൂർണ്ണമായി ഉപയോഗപ്പെടുത്തി പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കൂടി പരിശോധിച്ച് മാത്രമേ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. എഞ്ചിനീയറിംഗ് വിഭാഗത്തിലെ പ്രവർത്തനം ശക്തിപ്പെടുത്താനായി 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഓവർസീയർ മുതൽ മുകളിലോട്ടുള്ള ജീവനക്കാരുടെ അപര്യാപ്തതമൂലം പ്രവൃത്തികൾ കാര്യക്ഷമമാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; | (ബി) തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിൽ 195 ഓവർസീയർ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) തിരുവനന്തപുരം, കൊച്ചി പോലുള്ള മുൻസിപ്പൽ കോർപറേഷനുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് ചീഫ് എഞ്ചിനീയർ തസ്തികയാക്കുന്ന കാര്യം പരിഗണിക്കുമോ; | സി) കൊച്ചി കോർപറേഷനിലെ സൂപ്രണ്ടിംഗ് എൻജിനീയർ തസ്തിക ചീഫ് എൻജിനീയർ തസ്തികയായി ഉയർത്തണമെന്നത് സംബന്ധിച്ച് കൊച്ചി കോർപറേഷൻ മേയർ സമർപ്പിച്ച ഒരു നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടിംഗ് എൻജിനീയർ തസ്തിക ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ പരിഗണനയിലില്ല. |

| | |
|---|---|
| (ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾകൊണ്ട് സുഗമമായി പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ഓവർസിയർമാരുടെ 195 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും മിനിസ്റ്റീരിയൽ വിംഗിലും അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും സർക്കാരിന്റെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**